10163 7/K1/15/Home

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3704

17.12.2015 - ൽ
മറുപടിയ്ക്ക്

### സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ സാങ്കേതിക യോഗ്യതയുള്ള ഓഫീസർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

(എ) സംസ്ഥാന പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ സാങ്കേതിക യോഗ്യതയുള്ള ഓഫീസർമാർ ഇല്ലാത്ത ജില്ലകളിൽ അത്തരം തസ്തിക സൃഷ്ടിക്കുവാൻ സംസ്ഥാന പോലീസ് മേധാവി നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(എ) പോലീസ് വകുപ്പിൽ പോലീസ് ഡ്രൈവർമാരുടെ അംഗബലം കൂട്ടുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള മറ്റു ശുപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ ആവശ്യമുള്ള ഉദ്യോഗസ്ഥരുടെ അഭാവം മൂലവും തസ്തികകളുടെ കുറവുമൂലവും വർഷം തോറും ഗവൺമെന്റിന് കോടിക്കണക്കിനു രൂപയുടെ നഷ്ടം സംഭവിക്കുന്ന എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള പോലീസിൽ വാഹനങ്ങളുടെ പരിപാലനത്തിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരെ കൂടാതെ 140 ഓളം ടെക്നിക്കൽ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെയുമാണ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | സൂപ്രണ്ട് ഓഫ് പോലീസ് | 2 |
| 2 | ഡിവൈഎസ്പി | 5 |
| 3 | മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ | 7 |
| 4 | മോട്ടോർ ട്രാൻസ്പോർട്ട് എസ്ഐ | 7 |
| 5 | ഡ്രൈവർ എസ്ഐ | 30 |

ഇവരുടെ മേൽനോട്ടത്തിലാണ് പോലീസ് ഡിപ്പാർട്ട്മെന്റിലെ വാഹനങ്ങൾ പരിപാലിച്ചു പോകുന്നത്. കൂടാതെ, പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി എം.എസ്.പി റേഞ്ച് വർക്ക് ഷോപ്പ്, തിരുവനന്തപുരം എസ്.എ.പി കാമ്പസിലുള്ള സെൻട്രൽ പോലീസ് വർക്ക് ഷോപ്പുകളും പ്രവർത്തിക്കുന്നു.

| | |
|---|---|
| (സി) പോലീസ് വാഹനങ്ങൾ കണ്ടം ചെയ്ത് യഥാസമയം ലേലം നടത്താത്തതുമൂലം കോടികൾ നഷ്ടമാകുന്നത് ഒഴിവാക്കുവാൻ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ ലഘൂകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതും കാലപ്പഴക്കം ചെന്നതും ഉപയോഗ യോഗ്യമല്ലാത്ത-തുമായ വാഹനങ്ങൾ സർക്കാർ ചട്ടങ്ങൾക്കനുസൃതമായി കാലതാമസം കൂടാതെ condemnation നടത്തി ലേലനടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി യൂണിറ്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**